ഫെബ്രുവരി 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

പ്രതീക്ഷകളുടെ പുതുവർഷമായി 2024 നെ നാം വരവേറ്റു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കും ഏറെ പ്രതീക്ഷകൾക്ക് വക നല്കുന്ന വർഷമായി 2024 നെ കരുതാം. നവാഭിഷിക്തരായ എപ്പിസ്കോപ്പാമാർ ജനുവരി 1 മുതൽ ചുമതലകളിൽ പ്രവേശിച്ചു. എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം നമ്മുടെ സഫ്രഗൻ മെത്രാപ്പോലീത്താമാരുടെയും എപ്പിസ്കോപ്പാമാരുടെയും ഭദ്രാസന അധ്യക്ഷസ്ഥാനം, സ്ഥാപനങ്ങളുടെയും സംഘടനകളുടെയും അധ്യക്ഷ ചുമതല എന്നിവയിൽ മാറ്റം വരുത്തുകയും, ആയത് 2024 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. യു.കെ - യൂറോപ്പ് - ആഫ്രിക്ക എന്ന പേരിൽ ഒരു പുതിയ ഭദ്രാസനം രൂപീകരിക്കുന്നതിന് സാധിച്ചു. കഴിഞ്ഞ നാളുകളിൽ നമ്മുടെ മേല്പട്ടക്കാരിലൂടെ സഭയ്ക്ക് ലഭിച്ച നല്ല നേതൃത്വത്തിനായും, അതിലൂടെ സഭയ്ക്ക് സാധ്യമായ പുരോഗതിക്കായും ദൈവത്തെ സ്തുതിക്കാം. തിരുമേനിമാർക്ക് പുതുതായി ചുമതലയേറ്റിരിക്കുന്ന നിയോഗ സ്ഥാനങ്ങളിൽ അനവരതമായ ദൈവകൃപ തുടർന്നും അനുഭവിക്കുന്നതിന് ഏവരും പ്രാർത്ഥിക്കുകയും പ്രവർത്തനങ്ങൾക്ക് എല്ലാ സഹായ സഹകരണങ്ങളും നല്കുകയും ചെയ്യണം.

2024 ൽ സഭാനേതൃത്വത്തിൽ വന്ന മാറ്റം മാത്രമല്ല സഭാഗാത്രത്തെ നവ്യമാക്കുന്നത്. സഭയുടെ കാര്യക്രമങ്ങൾ നടപ്പിലാക്കുന്നതിന് അടിസ്ഥാന രേഖയായിരിക്കുന്ന സഭാഭരണഘടനയും സമഗ്രമായി പരിഷ്ക്കരിക്കപ്പെടുവാൻ ഒരുങ്ങുന്നു. ഭരണഘടന പുതുക്കുക എന്ന പ്രധാന അജണ്ടയോടുകൂടെ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് ഫെബ്രുവരി 7 മുതൽ 9 വരെ സഭാ മണ്ഡലം സമ്മേളിക്കുന്നുവല്ലോ. പ്രസ്തുത സമ്മേളനം ഭരണഘടനാ ഭേദഗതി നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ്. സഭയെ സംബന്ധിച്ച് വളരെ സുപ്രധാനവും നിർണ്ണായകവുമായ ഭേദഗതി നിർദ്ദേശങ്ങളാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. സഭയുടെ ഭരണഘടന എന്നത് സഭ എന്താണ്, എന്തായിരിക്കണം എന്ന് കൃത്യമായി വിഭാവന ചെയ്യുന്ന ഒരു രേഖയത്രെ. നമ്മുടെ സഭ ഒരു ജനാധിപത്യ എപ്പിസ്കോപ്പൽ സഭയാണ്. പൗരസ്ത്യ പാരമ്പര്യങ്ങളിൽ രൂപപ്പെട്ട ആരാധനാ പാരമ്പര്യങ്ങളോട് നവീകരണത്തിന്റെ ശക്തിയായ തുറന്ന വേദപുസ്തകവും അതിന്റെ അകക്കാമ്പായ തുറവിയും ചേർത്തുവച്ച് മുമ്പോട്ടു പോകുന്നവരാണ് നാം. സുവിശേഷ വിഹിത സഭ എന്നതാണ് നമ്മുടെ മുഖമുദ്ര. എല്ലാവരെയും സമഭാവനയോടുകൂടെ ഉൾക്കൊള്ളുന്നതാണ് നമ്മുടെ നയം. ജനാധിപത്യമെന്നത് വെറും സമ്മർദ്ദഗ്രൂപ്പുകളാകുന്ന ഈ കാലത്ത് നാം എടുക്കുന്ന തീരുമാനങ്ങൾ ഏറെ ദൈവ ബോധത്തോടും വിവേകത്തോടും കൂടെ ആകണം എന്നോർമ്മിപ്പിക്കുന്നു. കേരളത്തിനും ഇന്ത്യയ്ക്കും പുറത്തേക്ക് ഏറെ വ്യാപിച്ച ഒരു സഭയാണിത്. അതുകൊണ്ടുതന്നെ കുടിയേറ്റങ്ങളുടെ സാധ്യതകളെയും പ്രതിസന്ധികളെയും മനസ്സിലാക്കി തീരുമാനങ്ങൾ എടുക്കുവാൻ നമുക്ക് കഴിയണം. എല്ലാ മണ്ഡലാംഗങ്ങളുടെയും സജീവ സാന്നിദ്ധ്യവും ഗൗരവപൂർവ്വമായ പഠനവും ആലോചനയും അത്യന്താപേക്ഷിതമാണ്. ഈ മണ്ഡലയോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കി 2024 ഫെബ്രുവരി മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ നടക്കുന്ന മണ്ഡലയോഗത്തിൽ എല്ലാ മണ്ഡലാംഗങ്ങളും ആദിയോടന്തം പങ്കെടുത്ത് സഭ ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം ഫലപ്രദമായും പ്രാർത്ഥനാപൂർവ്വവും വിനിയോഗിക്കണം.

വേദപുസ്തക പഠനത്തിന്റെ ജനകീയ മുഖമാണല്ലോ മാരാമൺ കൺവൻഷൻ. വേദപുസ്തകം അത്ര സുലഭമല്ലാതെയിരുന്ന കാലഘട്ടത്തിൽ ക്രൈസ്തവ ജനതയുടെ വിശ്വാസ രൂപീകരണത്തെ ഏറെ സ്വാധീനിച്ച മാരാമൺ കൺവൻഷന്റെ 129-ാം സമ്മേളനം ഫെബ്രുവരി 11 മുതൽ 18 വരെ മാരാമൺ മണൽപ്പുറത്തു പ്രത്യേകം ക്രമീകരിക്കുന്ന പന്തലിൽ നടക്കുന്നു. രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ഒരു നിർണ്ണായക ഘട്ടത്തിലാണ് കൺവൻഷൻ സമ്മേളിക്കുന്നത്. തുടക്കം മുതൽതന്നെ മാരാമൺ കൺവൻഷൻ ക്രൈസ്തവ സാക്ഷ്യത്തിന്റെ ഭാരതീയ മുഖമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും മറ്റും ഭാരതത്തിലെ സഭകളിൽ മുന്നിട്ടു നിന്നിരുന്നത് പാശ്ചാത്യ സംസ്കാരവും ആചാരങ്ങളും ആരാധന രീതികളുമായിരുന്നു. അവയോടുള്ള തദ്ദേശീയ പ്രതികരണം എന്ന നിലയിൽ ഭാരത സംസ്കാരത്തിൽ വേരൂന്നിയ സഭാരൂപങ്ങളും ദൈവശാസ്ത്ര ധാരകളും ക്രൈസ്തവ സാക്ഷ്യശൈലികളും രൂപപ്പെട്ടു. ഭാരതത്തിന്റെ സുവിശേഷീകരണം ഭാരതീയർ ഭാരതീയ വിഭവങ്ങളാൽ ഭാരതീയ ശൈലിയിൽ നടത്തേണ്ടതാണ് എന്ന ലക്ഷ്യത്തോടെയാണല്ലോ മാരാമൺ കൺവൻഷൻ സ്ഥാപിതമായത്. ഇവയെല്ലാം സജ്ജമാക്കിയ വിശ്വാസ സാംസ്കാരിക പശ്ചാത്തലത്തിലാണ് കൺവൻഷന്റെ സ്വത്വവും ഭാരതീയ മുഖവും നാം ദർശിക്കുന്നത്.

കൺവൻഷൻ യോഗങ്ങളിൽ എല്ലാവരും തികഞ്ഞ അച്ചടക്കത്തോടും വിശുദ്ധിയോടും സമർപ്പണ ബോധത്തോടും

സംബന്ധിക്കണം. കൺവൻഷന്റെ ഇടവേളകളിൽ പ്രാർത്ഥനാ ഷെഡ്ഡുകളിലെ പ്രത്യേക പ്രാർത്ഥനയ്ക്കും, മണൽപ്പുറത്തെ ആളാംപ്രതി സുവിശേഷ വേലയ്ക്കും സമയം കണ്ടെത്തുന്ന പാരമ്പര്യം തുടരണം.പന്തലും പരിസരവും ലഹരിമുക്തവും പ്രകൃതി സൗഹാർദ്ദവുമാക്കി ഉപയോഗിക്കേണ്ടതാണ്. പരമാവധി എല്ലാവരും മണൽപ്പുറത്ത് വന്ന് നേരിട്ട് വചനകേഴ്‌വിയിൽ പങ്കെടുക്കണം. അപ്രകാരം സാധിക്കാത്തവർക്ക് ഓൺലൈൻ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൺവൻഷന് വരുന്നവർ വചനകേഴ്‌വിക്ക് പ്രഥമ പരിഗണന നല്കണം. വചന പ്രഘോഷണത്തിന്റെ അവസരങ്ങളിൽ ഭക്ഷണ-വ്യാപാര ശാലകളിൽ കയറിയിറങ്ങിയും, ഷെഡ്ഡുകളിൽ കൂട്ടംകൂടിയിരുന്നും സമയം പാഴാക്കുന്ന പ്രവണത പലരിലും വർദ്ധിച്ച് വരുന്നുണ്ട്. ഇത് അത്മായരുടെ ഭാഗത്ത് നിന്നായാലും വൈദികരുടെ ഭാഗത്ത് നിന്നായാലും പ്രോത്സാഹ ജനകമായ സംഗതിയല്ല. യോഗസമയങ്ങളിൽ ഉത്തരവാദിത്വപ്പെട്ടവർ ഒഴികെ മറ്റാരും ഷെഡ്ഡുകളിൽ സമയം ചെലവഴിക്കരുത്. യോഗത്തിന് വരുന്നവർ മണൽപ്പുറത്തുള്ള സ്റ്റാളുകൾ സന്ദർശിച്ച് സഭയുടെ വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കി സംഭാവനകൾ നല്കുന്നത് സ്വീകരിക്കുന്നതൊഴികെ നിർബ്ബന്ധിത പിരിവുകൾക്ക് ആരും ശ്രമിക്കരുത്. കൺവൻഷൻ വാരത്തിൽ പട്ടക്കാർ ഇടവക തലത്തിലെ പരിപാടികൾ കുറച്ച്, പരമാവധി മാരാമൺ കൺവൻഷൻ യോഗങ്ങളിൽ സംബന്ധിക്കുവാൻ ഉത്സാഹിക്കണം. കൺവൻഷന് വേണ്ടി നേതൃത്വം നൽകുന്ന സുവിശേഷ പ്രസംഗ സംഘത്തിന് വേണ്ടിയും കൺവൻഷനിലൂടെ സഭയ്ക്കും സമൂഹത്തിനും ദേശത്തിനും ഉണർവ്വും പുതുജീവനും ലഭിക്കുന്നതിന് വേണ്ടിയും ഏവരും മുട്ടിപ്പായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം. വചനശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ദാസരുടെമേൽ പരിശുദ്ധാത്മ അഭിഷേകം ലഭിക്കുന്നതിനും അവർ പങ്കിടുന്ന വചനത്തിലൂടെ ജനങ്ങൾ ക്രിസ്തുവിനെ കാണുന്നതിനും വചന കേഴ്‌വി മുഖാന്തിരമാകണം. കൺവൻഷന് വേണ്ടിയുള്ള ഒരുക്കപ്രാർത്ഥനകൾ ഇടവക തലത്തിൽ നടത്തുന്നത് അനുഗ്രഹകരമാണ്.

മലങ്കര മാർത്തോമ്മ സുറിയാനി സഭ എക്യൂമെനിക്കൽ ബന്ധങ്ങൾക്കു ഏറെ പ്രാധാന്യം എക്കാലവും നൽകിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നമ്മുടെ വിശ്വാസ സമൂഹം കുടിയേറി പാർക്കുന്ന ഈ കാലഘട്ടത്തിൽ, വിവിധ രാജ്യങ്ങളിലുള്ള സഭകളുമായും എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുമായും കൂടുതൽ ചേർന്ന് പ്രവർത്തിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. യൂറോപ്പിലെ സഭകളിലൊന്നായ, നവീകരണ പാരമ്പര്യമുള്ള, ഓൾഡ് കാതലിക്ക് സഭയുമായി വിവിധ മേഖലകളിൽ കഴിഞ്ഞ 18 വർഷങ്ങളായി നമുക്ക് സഹവർത്തിത്തമുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി, നമ്മുടെ എപ്പിസ്കോപ്പൽ സിനഡും, സഭാ പ്രതിനിധി മണ്ഡലവും, മേല്പറഞ്ഞ എക്യുമെനിക്കൽ ബന്ധം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ആലോചനകളും പിൻബലവും നൽകി വരുന്നു. 2023 ലെ സഭാ പ്രതിനിധി മണ്ഡല യോഗത്തിൽ ഓൾഡ് കാതലിക്ക് സഭയും - മാർത്തോമ്മാ സഭയും തമ്മിൽ (നിലവിൽ മാർത്തോമ്മാ സഭയും തൊഴിയൂർ - മലബാർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള ബന്ധം പോലെ) എക്യൂമെനിക്കൽ ബന്ധത്തിൽ പ്രവേശിക്കുവാനും, സാധ്യമാകുന്ന എല്ലാ മേഖലകളിലും ഒന്നിച്ച് പ്രവർത്തിക്കുവാനും തീരുമാനിച്ചു. ആയതിൻ പ്രകാരം, 2024 ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ച് ഓൾഡ് കാതലിക്ക് സഭയുടെ പ്രതിനിധികളുമായി ചേർന്ന് വിശുദ്ധ കുർബ്ബാനയും (ഇംഗ്ലീഷ്) തുടർന്ന് പൊതു സമ്മേളനവും നടത്തുന്നതാണ്.

ഇന്ത്യ വീണ്ടും ഒരു ലോക്സഭ തിരഞ്ഞെടുപ്പിലേക്കടുക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം എന്നഭിമാനിക്കുന്ന രാജ്യത്തിൽ മത, ജാതി ബോധ്യങ്ങളെ ദുരുപയോഗം ചെയ്യുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും ശ്രമിച്ചിട്ടുണ്ട്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിഭാഗീയതകളുടേയും ഭാഷ സംസാരിച്ചുകൊണ്ട് ജനങ്ങളെ വ്യത്യസ്ത മത, ജാതി കള്ളികളിലാക്കി ലാഭം കൊയ്യുവാനുള്ള ശ്രമം ശക്തമാകുന്ന നാളുകളാണിനി വരാനിരിക്കുന്നത്. ഇവിടെ നാം ജാഗരൂകരാകണം. ജനാധിപത്യത്തിന്റെ ആണിക്കല്ലായ ജനങ്ങളുടെ ജീവിക്കുവാനുള്ള അവകാശത്തെ തന്നെ ചോദ്യം ചെയ്യുന്ന ഇത്തരം വിഭാഗീയതകളെ ചെറുക്കുവാനുള്ള മാനസികാവസ്ഥ നാം ആർജ്ജിക്കണം. നിലനിൽക്കുന്ന ജനാധിപത്യ മാതൃകയിലെ ജനങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുവാനുള്ള ഏറ്റവും വലിയ ആയുധമാണ് നമ്മുടെ വോട്ട് എന്നു നാം മറന്നുപോകരുത്. 18 വയസ്സ് പൂർത്തിയാകുന്ന എല്ലാവരും തങ്ങളുടെ പേര് വോട്ടേഴ്സ് ലിസ്റ്റിലുണ്ട് എന്ന് ഉറപ്പു വരുത്തണം. പൊതു ഇലക്ഷൻ പ്രഖ്യാപിക്കുന്നതിനു മുമ്പുള്ള ഈ അവസരം തങ്ങളുടെ പേര് ചേർക്കുവാനും തങ്ങളുടെ പേര് ലിസ്റ്റിലുണ്ട് എന്നുറപ്പാക്കുവാനുമുള്ള അവസരമാണ് എന്നോർത്തിരിക്കുക. ലോക്സഭയിലേക്കും എല്ലാ സംസ്ഥാന അസംബ്ലികളിലേക്കും തിരഞ്ഞെടുപ്പ് സമന്വയിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള ഒരു നിർദ്ദേശമാണ് 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' എന്നത്. തിരഞ്ഞെടുപ്പുകൾ ഒരേ സമയം, ഒരു ദിവസത്തിലോ ഒരു നിശ്ചിത സമയപരിധിക്കുള്ളിലോ നടത്താനാണ് ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുപ്പ് ചെലവുകൾ കണക്കാക്കുമ്പോൾ തെരഞ്ഞെടുപ്പുകളെല്ലാം ഒരു സമയത്ത് നടത്തുന്നത് അഭികാമ്യമാണ് എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ രാജ്യത്തിന്റെ ഫെഡറൽ ഘടനയുടെ അനന്തരഫലങ്ങൾ, രാജ്യത്ത് ഇതിനകം പ്രതിസന്ധിയിലായിരിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക ജനാധിപത്യത്തിൽ അത് ചെലുത്തുന്ന സ്വാധീനം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളും പരിഗണിക്കേണ്ടതുണ്ട്. 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' എന്ന നിർദ്ദേശം രാജ്യത്ത് സൃഷ്ടിക്കുന്ന ദീർഘകാല പ്രത്യാഘാതങ്ങൾ കൂടി അധികൃതർ കണക്കിലെടുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ചങ്ങനാശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വെച്ച് ജനുവരി 23 ന് നടത്തിയ സഭൈക്യ സമ്മേളനത്തിൽ വിവിധ സഭകളുടെ മേലദ്ധ്യക്ഷന്മാരോടും വൈദീകരോടും ആത്മായ പ്രതിനിധികളോടും ചേർന്ന് എനിക്കും പങ്കെടുക്കുവാൻ സാധിച്ചു. ന്യൂനപക്ഷാവകാശങ്ങളുടെ വിവിധ തലങ്ങൾ, ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങൾ, ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടും തുടർ നടപടികളും എന്നീ വിഷയങ്ങളിൽ സമഗ്രമായ ചർച്ച നടത്തി. ജെ. ബി. കോശി കമ്മീഷന്റെ സമ്പൂർണ്ണ റിപ്പോർട്ട് ഉടൻ പുറത്ത് വിടണമെന്നും, സഭകളുമായി ആലോചിച്ച് സംസ്ഥാന ബഡ്ജറ്റിൽ പദ്ധതികൾ ഉൾക്കൊള്ളിക്കണമെന്നും ആവശ്യപ്പെട്ടു യോഗം പ്രമേയം പാസ്സാക്കി.

യുക്രെയിൻ – റഷ്യ, ഇസ്രായേൽ – പലസ്തീൻ യുദ്ധങ്ങൾ അഭൂതപൂർവ്വമായി നാശനഷ്ടങ്ങൾ വരുത്തി അനന്തമായി നീളുന്നത് ദുഃഖകരമാണ്. വ്യക്തമായ വംശഹത്യാ ലക്ഷ്യത്തോടെ നടത്തുന്ന ഇസ്രായേൽ – പലസ്തീൻ യുദ്ധം ഇനിയും തുടരുകയാണെങ്കിൽ, അത് സാമൂഹികവും രാഷ്ട്രീയവുമായ ഒരു സ്വത്വത്തിന്റെ ശോഷണം മാത്രമായിരിക്കുകയില്ല, ഇപ്പോഴത്തെ ലോകക്രമത്തിന്റെ തുടക്കത്തിൽ അംഗീകരിക്കപ്പെട്ട ഒരു നിയമവ്യവസ്ഥയുടെ അസ്തമനം കൂടിയായിരിക്കും. അതിനാൽ സമാധാനം കാംക്ഷിക്കുന്ന എല്ലാ ജനങ്ങളും ഒറ്റക്കെട്ടായി യുദ്ധത്തിനെതിരെ അണിനിരക്കേണ്ടത് അനിവാര്യമായിരിക്കുന്നു.

മാരാമൺ കൺവൻഷൻ ആരംഭിക്കുന്ന അന്നുതന്നെ അമ്പത് നോമ്പും ആരംഭിക്കുന്നു. നിരന്തര പ്രാർത്ഥനയുടെയും ജീവിത ക്രമീകരണത്തിന്റെയും നാളുകളായി ഈ ദിവസങ്ങളെ രൂപാന്തരപ്പെടുത്തണം. നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും പുനരുജ്ജീവനം സാധ്യമാക്കുന്ന ദിനങ്ങളായി നോമ്പിന്റെ നാളുകൾ മാറട്ടെ. വ്യക്തിഗത, സാമൂഹിക ജീവിതങ്ങളിലെ പുഴുക്കുത്തുകളെ തിരിച്ചറിയുവാനും ദൈവകൃപയാൽ അവയെ അതിജീവിക്കുവാനുമുള്ള മനോബലം നോമ്പിലൂടെ നാം പ്രാപിക്കണം. തിരക്കുപിടിച്ച ജീവിത ക്രമങ്ങളുടെ മദ്ധ്യേ കൈമോശം വന്നുഭവിക്കാവുന്ന ദൈവബോധത്തിലേക്കും അതുവഴി മനുഷ്യ നന്മയിലേക്കും തിരിയുവാൻ നോമ്പിന്റെ ദിനങ്ങൾ സഹായകരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ വലിയ നോമ്പിലെ ഒന്നാം ദിവസം മുതൽ ഹോശന്നായ്ക്ക് തൊട്ടു മുമ്പുള്ള ശനിയാഴ്ച വരെ (42 ദിവസങ്ങൾ) ഉപയോഗിക്കുന്നതിനുള്ള നമസ്കാരങ്ങൾ ഉൾപ്പെടുത്തി ഒരു ക്രമം പ്രസിദ്ധീകരിക്കുന്നു. ഏറെ നാളത്തെ പ്രാർത്ഥനയും, പഠനവും പരിശ്രമവുമാണ് ഇതിന് പിന്നിലുള്ളത്. ഓരോ ദിവസത്തേക്കും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ജീവിതവും, പരസ്യശുശ്രൂഷയും, കഷ്ടാനുഭവവും, ക്രൂശ് മരണവും അനുസ്മരിപ്പിക്കുന്ന പ്രത്യേക തീമുകളും, വേദപുസ്തക ഭാഗങ്ങളും, ഗീതങ്ങളും, പദപ്രയോഗങ്ങളും, പ്രാർത്ഥനകളും ഉൾപ്പെടുത്തിയാണ് ശുശ്രൂഷാക്രമം തയ്യാറാക്കിയിരിക്കുന്നത്. വലിയ നോമ്പുനാളുകളിൽ ഭവനങ്ങളിൽ വെച്ചോ, പള്ളികളിൽ വെച്ചോ പ്രാർത്ഥനകൾ ക്രമീകരിക്കുമ്പോൾ ഈ ക്രമം ഉപയോഗിക്കണം. ഏത് ശുശ്രൂഷയും അർത്ഥവത്താകുന്നത് ആരാധകരുടെ ആത്മാർത്ഥമായ പങ്കാളിത്തത്തിലാണ്. ഇതിന്റെ വിനിയോഗം എല്ലാവർക്കും അനുഗ്രഹത്തിന് മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ ടേമിലും പുതിയ ടേമിലും പ്രവർത്തിച്ച ലിറ്റർജിക്കൽ കമ്മീഷൻ അംഗങ്ങളുടെ കൂട്ടായ യത്നത്തെ അഭിനന്ദിക്കുന്നു. കമ്മറ്റി ചെയർമാനായി പ്രവർത്തിച്ച അഭി. ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായോടും എല്ലാ കമ്മറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാന പ്രകാരം മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ നിലവിലുണ്ടായിരുന്ന പ്രസവസ്തോത്ര ശുശ്രൂഷയുടെ ക്രമം പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു. ഭാഷാപരമായ ശുദ്ധിയാണ് ഏറെയും ഇതിൽ വരുത്തിയിട്ടുള്ളത്. പ്രാരംഭ പ്രാർത്ഥന കൂടുതൽ അർത്ഥസംപുഷ്ടമാക്കുന്നതിന് അനുയോജ്യമായ രീതിയിൽ ഭേദപ്പെടുത്തിയിട്ടുണ്ട്. മാമ്മോദീസ മുഴുകപ്പെടുവാൻ ഇടയാകാതെ മരണമടയുന്ന കുഞ്ഞുങ്ങളുടെ ശവസംസ്കാര ശുശ്രൂഷ നടത്തുന്നതിനായി ഒരു ശുശ്രൂഷക്രമം നമ്മുടെ സഭയിൽ ഇപ്പോൾ നിലവിലില്ല. ശൈശവത്തിൽ തന്നെ ഐഹിക ജീവിതത്തിൽ നിന്നും മാറ്റപ്പെടുന്ന കുഞ്ഞുങ്ങളുടെ മാതാപിതാക്കളും കുടുംബാംഗങ്ങളും കടന്നു പോകേണ്ടിവരുന്ന മാനസികവ്യഥ വളരെ വലുതാണ്. നഷ്ടബോധത്തിന്റെ ദുഃഖത്തിൽ നിന്നും, വേർപാടുളവാക്കുന്ന വ്യഥയിൽ നിന്നും അവരെ വിടുവിക്കുകയും, അവരുടെ സമാധാനത്തിനായി പ്രാർത്ഥിക്കുകയും, പ്രത്യാശയോടെ പ്രയാസ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാൻ അവരെ സജ്ജരാക്കുകയും ചെയ്യേണ്ട ചുമതല സഭയ്ക്കുണ്ട്. ഈ ഉത്തരവാദിത്വബോധമാണ് ഇത്തരത്തിലുള്ള ഒരു ശുശ്രൂഷക്രമത്തെക്കുറിച്ചുള്ള ചിന്തയ്ക്ക് ആധാരമായിട്ടുള്ളത്. ഇവ രണ്ടും ഒരു പുസ്തകമായി ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികളുടെ ശുശ്രൂഷക്രമം പൂർണ്ണമായി വീണ്ടും മുദ്രണം ചെയ്യുമ്പോൾ ഈ ക്രമങ്ങളും ശുശ്രൂഷക്രമത്തിന്റെ ഭാഗമാക്കുന്നതാണ്. ഇത് പ്രസിദ്ധീകരിക്കുന്നതിന് മുൻകൈ എടുത്ത സഭയുടെ ലിറ്റർജിക്കൽ കമ്മറ്റിയെ അഭിനന്ദിക്കുന്നു.

ഒരു അദ്ധ്യയന വർഷത്തിന്റെ അവസാന ഘട്ടത്തിലേക്ക് നാം അടുത്തു വരുന്നു. കഴിഞ്ഞ ഒരു വർഷക്കാലം വിദ്യാഭ്യാസ മേഖലയിൽ നാം അനുഭവിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. വാർഷിക പരീക്ഷകൾ, പുതിയ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകൾ എന്നിവയ്ക്കായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം ദൈവകരങ്ങളിലേക്ക് സമർപ്പിക്കാം. എല്ലാവർക്കും നല്ലവിജയവും അനുഗ്രഹകരമായ ഭാവിയും ആശംസിക്കുന്നു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ രാജ്യത്ത് പൊതുവിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും സമഗ്രമായ പരിഷ്കരണങ്ങളുടെ പാതയിലാണ്. ഉന്നത വിദ്യാഭ്യാസ മേഖല കാതലായ മാറ്റങ്ങൾക്ക് വിധേയമാകുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി മൾട്ടി ഡിസിപ്ലിനറി സമീപനത്തിലൂടെ അക്കാദമിക്ക് പുനസംഘാടനമാണ് ലക്ഷ്യമിടുന്നത്. കരിക്കുലം മുതൽ പരീക്ഷ സമ്പ്രദായം വരെ പരിഷ്ക്കരിച്ചുകൊണ്ട് അടുത്ത വർഷം മുതൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. നിലവിലുള്ള ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ കരിക്കുലവും റെഗുലേഷനുമാണ് പുതിയ ബിരുദ പാഠ്യപദ്ധതിക്കുള്ളത്. ഇന്ന് നിലനില്ക്കുന്ന അഫിലിയേഷൻ സമ്പ്രദായം 2030 നോടു കൂടി പൂർണ്ണമായി അവസാനിപ്പിച്ചുകൊണ്ട് കോളേജുകൾ ഒന്നുകിൽ ഓട്ടോണമസ് ആകുകയോ അല്ലെങ്കിൽ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളായി മാറ്റപ്പെടുകയോ ചെയ്യും. കോൺസ്റ്റിറ്റുവന്റ് കോളേജുകളാകുമ്പോൾ മാനേജുമെന്റുകൾക്ക് ഇപ്പോഴുള്ള സ്വാതന്ത്യം നഷ്ടപ്പെടുകയും ചെയ്യും. നിർദ്ദിഷ്ട പാഠ്യപദ്ധതികളുടെ പരിമിതികളും പരിണിതഫലങ്ങളും വിലയിരുത്തേണ്ടതും ആവശ്യമാണ്. നമ്മുടെ കോളേജുകൾ എല്ലാം തന്നെ ഉന്നതമായ അക്കാദമിക മികവ് പുലർത്തുന്ന ഓട്ടോണമസ് കോളേജുകളായി മാറണം എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ വലിയ വെല്ലുവിളി ഏറ്റെടുക്കുവാനും ഉന്നത വിദ്യാ

ഭ്യാസരംഗത്തെ പുത്തൻ മാറ്റങ്ങൾ അഭിസംബോധന
ചെയ്യുവാനും മാനേജ്മെന്റുകളും അദ്ധ്യാപകരും അനദ്ധ്യാ
പകരും വിദ്യാർത്ഥികളും വിശ്വാസ സമൂഹവും ഒരുമിച്ച്
നില്ക്കേണ്ടതും ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങളെ
പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

സിറോ മലബാർ സഭയുടെ പുതിയ മേജർ ആർച്ച് ബിഷപ്പായി
മാർ റാഫേൽ തട്ടിൽ തിരുമേനി തിരഞ്ഞെടുക്കപ്പെട്ട്
ശുശ്രൂഷ ആരംഭിച്ചിരിക്കുന്നു. മലങ്കര മാർത്തോമ്മാ സു
റിയാനി സഭയുടെ അഭിനന്ദനങ്ങളും ആശംസകളും അറി
യിക്കുന്നു. സുസ്മേരവദനനായി എല്ലാവരോടും ഇടപെടു
വാനും, സരസമായി സംസാരിക്കുവാനും, മറ്റുള്ളവരെ ഹൃദ്യ
മായി ചേർത്ത് പിടിക്കുവാനുമുള്ള അദ്ദേഹത്തിന്റെ കഴിവ്
അനിതരസാധാരണമാണ്. മാർത്തോമ്മാ സഭയുമായി
ഉറ്റബന്ധം പുലർത്തുന്ന ഒരു സഭാ മേലദ്ധ്യക്ഷനാണ്
മാർ റാഫേൽ തട്ടിൽ തിരുമേനി. മാരാമൺ കൺവൻഷൻ
ഉൾപ്പെടെ നമ്മുടെ സഭയുടെ വിവിധ പരിപാടികളിൽ
അദ്ദേഹം സംബന്ധിക്കുകയും നേതൃത്വം നല്കുകയും
ചെയ്തിട്ടുണ്ട്. സഭാഗാത്രം ഒട്ടനവധി വെല്ലുവിളികൾ നേ
രിടുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മ പ്രേരണയിൽ,
ദൈവത്തോട് വിധേയത്വവും അപരരോട് തുറവിയുമുള്ള
നല്ല ഇടയനായി  നവ ദർശനത്തോടെ സിറോ മലബാർ
സഭയെ മുന്നോട്ട് നയിക്കുവാൻ ദൈവം കൃപ നല്കട്ടെ
യെന്ന് പ്രാർത്ഥിക്കാം. നമ്മുടെ കോട്ടയം വൈദിക
സെമിനാരി അദ്ധ്യാപകനായിരിക്കുന്ന റവ. ഡോ. വി.
എം. മാത്യു ഡബ്ല്യൂ. സി. സി. യുടെ കമ്മീഷൻ ഓഫ് ദി
ചർച്ചസ് ഓൺ ക്ലൈമറ്റ് ജസ്റ്റിസ് ആന്റ് സസ്റ്റയിനബിൾ
ഡവലപ്പ്മെന്റ് എന്ന കമ്മിറ്റിയിലേക്ക് നിയമിതനായി. സഭ
യുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.  മാർത്തോമ്മാ സഭ
യിലെ സീനിയർ വൈദികനും, പത്തനംതിട്ട മാർത്തോമ്മാ
ഇടവകാംഗവുമായ ദിവ്യശ്രീ. റ്റി. എ. ജോസഫ് കശ്ശീശാ
(91) നിര്യാതനായി. അച്ചന്റെയും കുടുംബത്തിന്റെയും
ധന്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതി
ക്കുകയും, വേർപാടിന്റെ വേദനയിലായിരിക്കുന്ന കുടും
ബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനു
ശോചനം അറിയിക്കുകയും ചെയ്യുന്നു.

ഫെബ്രുവരി മാസത്തിലെ ഞായറാഴ്ചകളിൽ നാം ധ്യാനി
ക്കുന്നത് യേശുവിന്റെ ആളത്വം മനുഷ്യ ജീവിതങ്ങളിൽ
വരുത്തുന്ന വലിയ സ്വാധീനങ്ങളെക്കുറിച്ചാണ്. ഫെബ്രു
വരി 4 ഞായർ മെഡിക്കൽ മിഷൻ ദിനമാണല്ലോ. പഠി
പ്പിക്കലും, പ്രബോധനവും, രോഗീസൗഖ്യവും (Teaching,
Preaching and Healing) കർത്താവിന്റെ പരസ്യശുശ്രൂഷയുടെ
ത്രിമാന ശക്തീകരണങ്ങൾ ആയിരുന്നു. കർത്തൃശരീര
മായ സഭ അവ തുടരേണ്ടതുണ്ട്. പിറവിയിലെ കുരുടനായ
വന്റെ ദയനീയ അവസ്ഥയ്ക്ക് ദൈവശാസ്ത്രപര
മായ വിശദീകരണം തേടാൻ പരീശർ ശ്രമിക്കുമ്പോൾ, യേശു
അവനു സൗഖ്യം നൽകുകയും ദൈവത്തിനു മഹത്വം വരു
ത്തുകയും ചെയ്തു. രോഗചികിത്സ അതീവ ചെലവുള്ളതാ
കുകയും, ചൂഷണ മുഖാന്തിരമാവുകയും ചെയ്യുന്ന സമ
കാലിക സാഹചര്യങ്ങളിൽ ദൈവസ്നേഹത്തിന്റെ വലിയ
ശുശ്രൂഷകൾ ചെയ്യുവാൻ നമുക്കൊരുങ്ങാം.

ഫെബ്രുവരി പതിനൊന്നാം തീയതി ഞായറാഴ്ച്ച വലിയ
നോമ്പിന്റെ ആരംഭമാണല്ലോ. അന്ന് മാരാമൺ കൺ
വൻഷൻ ആരംഭിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.
നോമ്പു ദിനങ്ങൾ നമുക്ക് വചന ധ്യാനത്തിന്റെയും ആത്മ
ശുദ്ധീകരണത്തിന്റെയും നാളുകൾ ആയിരിക്കണം. ദൈവ
വചനമാണ് നമ്മുടെ ജീവിത ദർശനങ്ങളെ രൂപപ്പെടുത്തേ
ണ്ടത്. യേശുവിന്റെ സാന്നിധ്യം ജീവിത രൂപാന്തരം വരുത്തും.
കാനാവിലെ കല്യാണവിരുന്നിൽ പച്ചവെള്ളം വീഞ്ഞാക്കി
ക്കൊണ്ട് കർത്താവ് ദൈവരാജ്യത്തിന്റെ അടയാളം കാ
ണിച്ചു. സന്തോഷം വറ്റിപ്പോകുന്ന ഇടങ്ങളിൽ യഥാർത്ഥ
സന്തോഷം പകരാനും മേന്മയുള്ള അനുഭവങ്ങൾ കരുത
ലോടെ നല്കുവാനും യേശു സാന്നിധ്യത്തിനു മാത്രമാണ്
കഴിയുന്നത്. മാരാമൺ കൺവൻഷനിലെ വചന പ്രഘോ
ഷണങ്ങൾ സഭക്കും വിശാല സമൂഹത്തിനും വലിയ രൂപാ
ന്തരം വരുത്തുന്ന യേശുവിനെ കൂടുതൽ തെളിമയോടെ
വ്യക്തമാക്കിക്കൊടുക്കുന്ന സന്ദർഭമായിത്തീരട്ടെ.

ഫെബ്രുവരി പതിനെട്ടു ഞായറാഴ്ച മാരാമൺ മഹായോ
ഗങ്ങളുടെ സമാപന ദിവസമാണല്ലോ. ശുദ്ധീകരണത്തി
ലേക്കു നയിക്കുന്ന യേശുവിന്റെ സ്നേഹസ്പർശം എന്ന
താണ് ചിന്താ വിഷയം. ഒന്നാം വായന ഭാഗവും വിശുദ്ധ
ഏവൻഗേലിയോനും കുഷ്ഠരോഗികളുടെ സൗഖ്യത്തെ
യാണ് ചർച്ച ചെയ്യുന്നത്. കുഷ്ഠ രോഗികൾ ശാരീരിക
രോഗത്തോടൊപ്പം സ്നേഹരാഹിത്യത്തിന്റെ ശൈത്യവും
അനുഭവിക്കുന്നവരായിരുന്നു. യേശു കൈ നീട്ടി കുഷ്ഠ
രോഗിയെ സ്പർശിച്ചപ്പോൾ, സമൂഹം സൃഷ്ടിച്ചിരുന്ന
സ്നേഹരാഹിത്യത്തിന്റെ അകലത്തെയാണ് ഇല്ലാതെയാ
ക്കിയത്. സ്നേഹത്തിന്റെ വിശുദ്ധ സ്പർശനമാണ് ഈ
കാലഘട്ടം യേശുവിന്റെ അനുയായികളിൽ നിന്നും പ്രതീ
ക്ഷിക്കുന്നത്. കൊർന്നല്യോസിന്റെ ഭവനത്തിൽ പോയ
പത്രോസ് അങ്ങനെയുള്ള, ശുദ്ധീകരണത്തിലേക്കു നയി
ക്കുന്ന സ്നേഹ സ്പർശമാണ് നൽകിയത്. സമകാലീന
സമൂഹത്തിൽ, അപ്രകാരമുള്ള സ്നേഹത്തിന്റെ ഉൾചേ
രലുകൾക്ക് ദൈവം നമ്മെയും സഹായിക്കട്ടെ.

ഫെബ്രുവരി ഇരുപത്തിയഞ്ചാം തീയതി സമഗ്ര സൗഖ്യം
നൽകുന്ന യേശു എന്ന ചിന്തയാണ് സഭ ധ്യാനിക്കുന്നത്.
പാപങ്ങൾ മോചിച്ചു കൊടുക്കാനും, സമഗ്ര സൗഖ്യത്തോടെ
ദൈവോന്മുഖമായി മനുഷ്യരെ നിർത്തുവാനും കഴിയു
ന്നത് യേശുവിനു മാത്രമാണ്. ക്രിസ്തുവിന്റെ അതേ ഭാവ
മായി വളരുന്നതിനു മനുഷ്യനു മുൻപിലുള്ള തടസ്സം അവ
രിൽ വ്യാപരിക്കുന്ന പാപം തന്നെയാണ്. മനുഷ്യത്വത്തെ
വികലപ്പെടുത്തുന്ന പാപമാണ് യേശുവിന്റെ മുൻപിൽ ഇറ
ക്കി വച്ച പക്ഷവാത രോഗിയെ തളർത്തിയിരുന്നത്. ഇന്നും
മനുഷ്യ സമൂഹത്തിന്റെ വലിയ ആവശ്യം പാപമോചനം
നൽകുന്ന യേശുവിനെ അനുഭവിക്കുക എന്നതാണ്.
സ്വാർത്ഥതയും ജഡമോഹങ്ങളും ജീവനത്തിന്റെ പ്രതാപ
ചിന്തകളും അരങ്ങു വാഴുന്ന സമൂഹത്തിൽ, സ്വയം ഒഴിച്ചു,
ലോകത്തിനു വിമോചനം നൽകിയവനെ അനുഗമിക്കുന്ന
താണ് സമഗ്ര സൗഖ്യത്തിനു വഴിയെന്നതാണ് സുവിശേഷ
സംവേദനത്തിന്റെ സാരം. ഈ ബോധ്യം നമ്മെ ഭരിക്കട്ടെ

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേ
വരോടും കൂടെയിരിക്കട്ടെ.

Theodosius
Malabar

പൂലാത്തീൻ
26.01.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**